www.malankaralibrary.com



# ജനതയാണ് രാഷ്ട്രം

ഡോ.കെ.എം.ഫ്രാൻസീസ്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ ആശങ്കകൾക്കും പ്രതീക്ഷകൾക്കും ഇടയിലൂടെയാണ് മുന്നോട്ടുനീങ്ങുന്നത്. ഇന്ത്യയുടെ ഏറ്റവും വലിയ പ്രതീക്ഷ വളർന്നു വരുന്ന വിദ്യാസമ്പന്നരായ യുവാക്കളാണ്. മാത്രമല്ല ജനാധിപത്യം, മതേതരത്വം, സോഷ്യലിസം മുതലായവയിൽ വിശ്വസിക്കുന്ന വലിയൊരു വിഭാഗം ജനത ഇന്ത്യയിലുണ്ടെന്നത് വളരെയേറെ പ്രതീക്ഷകൾക്ക് വക നൽകുന്നുണ്ട്. അഴിമതിയുടെ കറ പുരളാത്ത സർക്കാർ ഉദ്യോഗസ്ഥന്മർ, ജുഡീഷ്യൽ നേതാക്കൾ, ധീരരായ മാധ്യമ പ്രവർത്തകർ, സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥർ, ആത്മാർത്ഥതയുള്ള അനേക കോടി കർഷകർ, ശാസ്ത്രജ്ഞന്മാർ, രാജ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കാൻ തയ്യാറുള്ള സൈനീകർ, ശക്തരായ രാഷ്ട്രീയ പ്രവർത്തകർ, അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന അദ്ധ്യാപകർ, ഗ്രന്ഥകർത്താക്കൾ, കവികൾ, കലാകാരന്മാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, പണമിടപാട് സ്ഥാപനങ്ങൾ, കച്ചവടക്കാർ മുതലായവർ ഇന്ത്യയുടെ ആത്മാവാണ്. എന്നാൽ പ്രതീക്ഷകളെ തകർക്കാവുന്ന തരത്തിലുള്ള ചില ആശങ്കകളും ഇന്ത്യൻ ജനതയെ വേട്ടയാടുന്നുണ്ട്. ഇന്ത്യയിലെ ജനങ്ങളെ ദേശസ്നേഹികൾ എന്നും, ദേശദ്രോഹികൾ എന്നും വേർതിരിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, ഭരണഘടന നൽകുന്ന മൗലീകാവകാശങ്ങൾ ലംഘിക്കുന്ന സമ്മർദ്ദഗ്രൂപ്പുകൾ, നിയമവ്യവസ്ഥയെ അട്ടിമറിച്ച് സ്വന്തം വിധിപ്രസ്താവിച്ച് നടപ്പിലാക്കുന്ന ജനകൂട്ടങ്ങൾ, മത, ഭാഷാ ന്യൂനപക്ഷങ്ങളെ രാജ്യദ്രോഹികളായി പ്രചരിപ്പിക്കുന്ന രാഷ്ട്രീയനേതാക്കൾ, രാജ്യത്തെ അടിസ്ഥാന വർഗ്ഗമായ ദളിതരെ രണ്ടാംതരം പൗരന്മാരായി കണക്കാക്കുന്ന വരേണ്യവർഗ്ഗം, ക്രൂരമായി ബലാൽസംഗം ചെയ്ത് വധിക്കുന്നവരെ ന്യായീകരിക്കുന്ന രാഷ്ട്രീയ നേതാക്കൾ, വിരുദ്ധാഭിപ്രായം പറയുന്നവരെ ഉന്മൂലനാശം ചെയ്യുന്ന സാംസ്ക്കാരിക ഗ്രൂപ്പുകൾ, സ്വന്തം പാർട്ടിയിലുള്ളവർ, അഴിമതി ചെയ്താൽ ദേശസ്നേഹമായി കാണുന്ന രാഷ്ട്രീയ പ്രവർത്തകർ മുതലായവർ ഇന്ത്യയുടെ പ്രതീക്ഷകളെ അട്ടിമറിയ്ക്കുന്നു.

സമകാലീന ഇന്ത്യയുടെ ആശങ്കകൾക്കും പ്രതീക്ഷകൾക്കും മധ്യേ നടന്നു നീങ്ങി ഇന്ത്യയുടേയും മനുഷ്യവർഗ്ഗത്തിന്റേയും പുരോഗതി ലക്ഷ്യമാക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുക എന്നതായിരിക്കണം ഓരോ രാഷ്ട്രീയ സമ്മേളനത്തിന്റേയും അടിസ്ഥാന ലക്ഷ്യം. മുകളിൽ വിവരിച്ച ആശങ്കകളെ മറികടക്കുന്ന വിധത്തിൽ പ്രതീക്ഷകളെ വളർത്താനുള്ള ഒരു ഉണർത്തുപാട്ടാകാൻ വിധത്തിൽ കത്തോലിക്കാ സമുദായം ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശക

www.malankaralibrary.com



ങ്ങളിൽ നാം ഈ ദൗത്യം കൂടുതൽ കരുത്തോടെ ഏറ്റെടുക്കേണ്ടതുണ്ട്. ഈ ദൗത്യം ഏറ്റെടുക്കണമെങ്കിൽ നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രതിസന്ധികളുടെ അപഗ്രഥനം ആവശ്യമാണ്.

**വളർന്നുവരുന്ന മതദേശീയവാദം**

ഒരു രാഷ്ട്രത്തിലെ ജനത, ആ രാഷ്ട്രത്തിലെ ഓരോ വ്യക്തിയുടേയും മൗലീകാവകാശങ്ങൾ സംരക്ഷിക്കുമ്പോൾ ആ രാഷ്ട്രത്തിലെ ഓരോ വ്യക്തിയും അനുഭവിക്കുന്ന സുരക്ഷിതത്വബോധത്തിൽ നിന്ന്, ഓരോ വ്യക്തിയ്ക്കും രാഷ്ട്രത്തോട് തോന്നുന്ന വൈകാരിക ബന്ധമാണ് ദേശസ്നേഹം (Patriotism). എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ചില പ്രത്യേക മതവ്യാഖ്യാനങ്ങളെ പിന്തുടരുന്നവർ മാത്രമാണ് ദേശസ്നേഹികൾ എന്നും അത്തരം വ്യാഖ്യാനങ്ങൾ പിൻതുടരാത്തവർ ദേശദ്രോഹികൾ എന്നും വ്യാപക പ്രചരണം ഇന്ത്യയിൽ നടക്കുന്നു.

ഈ പ്രചരണം ഒരു വിഭാഗം ജനതയെ ശത്രുക്കളാക്കി മാറ്റുന്ന, രാഷ്ട്രത്തെ വിഭജിക്കുന്ന പ്രത്യയശാസ്ത്രമാണ്. ഇത്തരം വ്യാഖ്യാനത്തിലൂടെ ജനതയെ രണ്ടാക്കി അധികാരത്തിൽ ഉയർന്നു വന്ന പല രാഷ്ട്രങ്ങളും തകർന്നുപോയി എന്നത് ചരിത്രം നൽകുന്ന പാഠമാണ്.

ഇന്ത്യയിൽ വളർന്നുവരുന്ന മതദേശീയ വാദികൾ പൂർണ്ണാധികാരം കൈവന്നാൽ ഭരണഘടനയിലെ 'മതേതരത്വം' എന്ന അടിസ്ഥാനം മാറ്റും എന്നാണ് അവകാശപ്പെടുന്നത്. എന്നാൽ 'സർവ്വധർമ്മ സമഭാവന' എന്ന സങ്കൽപ്പമാണ് ഇന്ത്യയെ മറ്റു രാജ്യങ്ങളിൽ നിന്ന് വ്യത്യസ്ഥമാക്കുന്നത്. ഈ തത്വം പിന്തുടർന്ന് അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി മുതലായ സാമ്പത്തികമായി പുരോഗമിച്ച രാജ്യങ്ങളെല്ലാം എല്ലാ മതങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്നു. ഈ രാജ്യങ്ങളിലെല്ലാം ഹിന്ദുമതം, സിഖുമതം, പാഴ്സിമതം, മുസ്ലീം മതം, ബുദ്ധമതം, നിരീശ്വര മതം, ക്രിസ്തുമതം എന്നിവയെ പിൻതുടരുന്നവർക്ക് സ്വന്തം മതം വിശ്വസിക്കാനും, പ്രചരിപ്പിക്കാനും, ജീവിക്കാനും അവകാശമുണ്ട്. അതുകൊണ്ടാണ് അവർ പുരോഗമിക്കുന്നത്.

എന്നാൽ ഇന്ത്യയിലെ മതദേശീയ വാദികൾ സ്വന്തം കാഴ്ചപ്പാടിനെ ന്യായീകരിക്കാൻ തെറ്റായ ഉദാഹരണങ്ങളാണ് ചൂണ്ടികാണിയ്ക്കുന്നത്. ഒരു രാഷ്ട്രത്തിലെ ജനതയെ നയിക്കേണ്ടത് തെറ്റായ ഉദാഹരണങ്ങൾ ചൂണ്ടികാണിച്ചിട്ടല്ല, നല്ല ഉദാഹരണങ്ങളും നല്ല മാതൃകകളുമാണ് നാം ചൂണ്ടികാണിക്കേണ്ടത്. എന്നാൽ താലിബാൻ, ഭീകരരെയും, പാക്കിസ്ഥാനെയും ഐ.എസ്.ഭീകരരെയും മാതൃകയാക്കി ചൂണ്ടികാണിച്ച് നമ്മളും മതരാഷ്ട്രമായി മാറണമെന്ന് വാദിക്കുന്നവർ രാഷ്ട്രത്തെ ഭൂതകാലത്തിലേക്ക് നയിക്കുകയാണ്. ഒരു കാലത്ത് മതരാഷ്ട്രങ്ങളായിരുന്ന പല മുസ്ലീം രാഷ്ട്രങ്ങളും വ്യത്യസ്ഥ മതങ്ങളെ ആദരിക്കുന്ന സമൂഹങ്ങളായി മാറുകയാണ്. നാം പോകേണ്ടത് പിന്നോട്ടല്ല, മുന്നോട്ടാണ്. അതുകൊണ്ട് മതരാഷ്ട്രങ്ങൾ തകർന്നടിയുന്നതുപോലെ ഇന്ത്യ തകര

www.malankaralibrary.com



രുതെന്ന് ആഗ്രഹിക്കുന്ന ദേശസ്നേഹികൾ ഭരണഘടനയിലെ മൗലീകാവകാശങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാകണം.

**ജയ് ജവാൻ ജയ് കിസാൻ**

രാഷ്ട്രത്തെക്കുറിച്ചുള്ള ചില തെറ്റായ ധാരണകളിൽ നിന്നാണ് ഇന്ത്യയിലെ ഇന്നത്തെ പ്രതിസന്ധികൾ ഉരുത്തിരിയുന്നത്.

ഇക്കാര്യം മനസ്സിലാക്കണമെങ്കിൽ മനുഷ്യനെ അവന്റെ സമഗ്രതയിൽ മനസ്സിലാക്കണം. മനുഷ്യന് മൃഗത്തേക്കാളുപരിയായി ചില ഗുണങ്ങളുണ്ടെങ്കിലും, അവൻ അടിസ്ഥാനപരമായി മൃഗമാണ്. ദൈവാത്മാവിന്റെ സഹവാസം മനുഷ്യാത്മാവിൽ ഉണ്ടാകുമ്പോഴാണ് മനുഷ്യനിൽ മൃഗത്തേക്കാൾ മേന്മയേറിയ സ്വഭാവങ്ങൾ വളർച്ച പ്രാപിക്കുന്നത്. എന്നാൽ മൃഗത്തേക്കാൾ മേന്മയേറിയ സ്വഭാവങ്ങൾ നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗമാകുന്നു.

ഒരു മൃഗത്തെ നിരീക്ഷിച്ചാൽ തിന്നുക, ഇണ ചേരുക, അധികാരം പിടിച്ചെടുക്കുക, വിശ്രമിക്കുക എന്നതല്ലാതെ മറ്റൊരു സ്വഭാവവും മൃഗത്തിനില്ല എന്നു കാണാം. ഇതിൽ ഏറ്റവും പ്രധാനമായതാണ് അധികാരം പിടിച്ചെടുക്കൽ. ഒരു പൂച്ചയ്ക്കും, പട്ടിയ്ക്കും, പുലിയ്ക്കും, സിംഹത്തിനും അധികാരത്തിന്റെ ഒരു അതിർത്തിയുണ്ട് (Terretory). അതിർത്തി സംരക്ഷിക്കുക എന്നത് മാത്രമാണ് മൃഗത്തിന്റെ പ്രധാന പ്രവർത്തി. അതിനായി മൃഗം യുദ്ധം ചെയ്യുന്നു. മനുഷ്യനിലെ മൃഗം പൂർണ്ണ വളർച്ചയെത്തുമ്പോൾ അവൻ സാമ്രാജ്യത്വ മോഹിയായി മാറുന്നു. അവന് രാഷ്ട്രം എന്നാൽ രാഷ്ട്രത്തിന്റെ അതിർത്തി വലുതാക്കുക എന്നതാണ്. മാത്രമല്ല രാജ്യസ്നേഹം എന്നത് അതിർത്തി സംരക്ഷിക്കുക എന്നത് മാത്രമാണ് ഇക്കൂട്ടർ കരുതുന്നു. പേർഷ്യൻ സാമ്രാജ്യം, ഗ്രീക്ക് സാമ്രാജ്യം, റോമൻ സാമ്രാജ്യം, മൗര്യൻ സാമ്രാജ്യം, യു.എസ്.എസ്.ആർ. മുതലായവ ഇതിന്റെ ഉദാഹരണങ്ങൾ മാത്രം.

അതിർത്തി സങ്കൽപ്പങ്ങൾക്കപ്പുറത്ത് ജനതയാണ് രാഷ്ട്രം എന്ന സങ്കല്പവും ലോകത്തിൽ വളർന്നു വരുന്നുണ്ട്. ഒരു മനുഷ്യൻ സ്വതന്ത്ര്യവ്യക്തിയാണെങ്കിലും, അവൻ പൂർണ്ണത പ്രാപിക്കുന്നത് സാമൂഹിക ജീവിതത്തിലൂടെയാണെന്ന ചിന്തയാണ് രാഷ്ട്രത്തിന്റെ മറ്റൊരു ദിശ. വ്യക്തി, കുടുംബം, പൊതുസമൂഹം, സമുദായങ്ങൾ, രാഷ്ട്രം എന്ന രീതിയിൽ വ്യക്തികൾ ഒരു ജനതയായി മാറുകയും വ്യക്തിയുടെ സ്വാതന്ത്ര്യവും, സമൂഹത്തിന്റെ ഐക്യവും ഒരു പോലെ നിലനിൽക്കുകയും, വ്യക്തിയുടെ കഴിവുകൾ പരമാവധി വളർച്ചയെത്തുകയും ചെയ്യുന്ന വ്യവസ്ഥിയാണ് രാഷ്ട്രം. ഈ കാഴ്പ്പാടനുസരിച്ച് പൗരന്മാരാണ് രാഷ്ട്രത്തെ രാഷ്ട്രത്തെ നിർമ്മിക്കുന്നത്. വ്യക്തികളുടെയും കുടുംബങ്ങളുടെയും, പൊതു സമൂഹത്തിന്റെയും സമുദായങ്ങളുടെയും മൊലീകാവകാശങ്ങളെ സംരക്ഷിക്കുക എന്നതാണ് ഭരണാധികാരകളുടെ പ്രാഥമിക ദൗത്യം. ഈ

www.malankaralibrary.com



അവകാശങ്ങൾ ജാതിയുടെയോ മതത്തിന്റെയോ പേരിൽ നിഷേധിക്കുന്നത് ഫാസിസമാണ്.അതുകൊണ്ട് ജയ് ജവാൻ, ജയ് കിസാൻ എന്ന മുദ്രാവാക്യം ലോകത്തിൽ മുഴുവൻ മുഴങ്ങികേട്ടത്. എന്നാൽ ഇന്ന് 'ജയ് ജവാൻ' എന്ന ഒറ്റ മുദ്രാവാക്യമായി രാഷ്ട്രം തരം താഴ്ന്നിരിക്കുന്നത്, അതിർത്തി സംരക്ഷണം മാത്രമാണ് രാഷ്ട്രമെന്നും, പട്ടാളക്കാർ മാത്രമാണ് ദേശസ്നേഹികൾ എന്ന മൂഢധാരണയിൽ നിന്നാണ് ജവാന്മാർ മാത്രമാണ് രാജ്യസ്നേഹികൾ എന്ന് വ്യാഖ്യാനിക്കപ്പെടുന്നത്.

എന്നാൽ കർഷകർ, തൊഴിലാളികൾ, വ്യാപാരികൾ, വ്യവസായികൾ, ശാസ്ത്രജ്ഞന്മാർ, വിദ്യാഭ്യാസ വിചക്ഷണർ, കലാകാരന്മാർ, ജുഡീഷ്യൽ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ മുതലായവരെല്ലാവരും കൂടിയാണ് രാഷ്ട്രത്തെ നിർമ്മിക്കുന്നത്. രാഷ്ട്രത്തിൽ നിന്ന് സ്വീകരിക്കുന്നതിനേക്കാൾ കൂടുതൽ രാഷ്ട്രത്തിന് നൽകുന്നവരാണ് യഥാർത്ഥ ദേശസ്നേഹികൾ. എന്നാൽ രാജ്യത്തെ പൊതുസമ്പത്ത് കൊള്ളയടിക്കുന്ന ഖനി മുതലാളിമാരും, കൈക്കൂലിക്കാരും, കള്ളക്കേസിൽ കുടുക്കി നിരപരാധികളെ ക്രൂശിക്കുന്നവരും 'ഞങ്ങളുടെ പാർട്ടിയിൽ' ചേർന്നാൽ രാജ്യസ്നേഹികളായി എന്ന വ്യാഖ്യാനവും പ്രചരണവും രാഷ്ട്രത്തെ തകർക്കുന്നു.

അതിർത്തി സംരക്ഷിക്കുന്ന ക്ഷത്രിയന്മാർ മാത്രം ഉന്നതന്മാരും, ആശാരി, മൂശാരി, തട്ടാൻ, കരുവാൻ, കർഷക തൊഴിലാളികൾ മുതലായ എല്ലാ വിഭാഗത്തിൽപ്പെട്ടവരും അധകൃതരും എന്നത് 'അതിർത്തിയാണ് രാഷ്ട്രം' എന്ന വാദത്തിൽ നിന്നാണ് വളരുന്നത്.

**ജയ് കിസാൻ**

'ജയ് ജവാൻ, ജയ് കിസാൻ' എന്ന മുദ്രാവാക്യത്തിൽ നിന്ന് ജയ് കിസാൻ എടുത്തു മാറ്റപ്പെട്ടു എന്നത് ഗ്രാമങ്ങളുടെ തകർച്ചയിലേക്ക് നയിക്കും. ഇന്ധനവില നിയന്ത്രണമില്ലാതെ ഉയരുകയും, കാർഷികോൽപ്പന്നങ്ങളുടെ വിലയെ കൂച്ചുവിലങ്ങിട്ട് നിർത്തുകയും ചെയ്യുന്ന നയത്തിൽ നിന്ന് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും പിൻതിരിയണം.

ഗോപാലൻ എന്നാൽ കർഷകനാണ്. കർഷകനാണ് യഥാർത്ഥത്തിൽ ഗോവിനെ സംരക്ഷിക്കുന്നത്. അതിനുപകരം രാഷ്ട്രീയക്കാർ ഗോവിനെ സംരക്ഷിക്കുന്ന ജോലി ഏറ്റെടുത്ത്, കർഷകനെ ഇല്ലാതാക്കിയിരിക്കുന്നു. ഗോക്കൾ സംരക്ഷിക്കപ്പെടണമെങ്കിൽ ഗോപാലകരായ കർഷകർ സംരക്ഷിക്കപ്പെടണം. അതിനായി പാലിന്റെ വില കൂട്ടുകയാണ് ചെയ്യേണ്ടത്. അതിനു പകരം പെട്രോളിന്റെ വില കൂട്ടുകയും, പാലിന്റെ വില കുറയ്ക്കുകയും ചെയ്താൽ കോർപ്പറേറ്റുകൾ വളരും, ഗോപാലൻ തളരും. ഗോപാലന്മാർ-കർഷകർ-വിജയിക്കട്ടെ, അവരാണ് രാജ്യത്തെ പടുത്തുയർത്തുന്നത്.

പാലിന്റെ വില പെട്രോളിന്റെ വില ഉയരുന്നതിനേക്കാൾ ഉയർത്തുക എന്നതാണ് സർക്കാർ സ്വീകരിക്കേണ്ട വില നയം. വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കപ്പെ

www.malankaralibrary.com



ടുന്ന വസ്തുവിന്റെയും സേവനങ്ങളുടെയും വിലവർദ്ധനവിനോട് കിടപിടിക്കത്തക്ക വിധത്തിൽ കാർഷികോൽപന്നങ്ങളുടെ വില കൂട്ടണം. കർഷകൻ ഉല്പാദിപ്പിക്കുന്ന പ്രാഥമിക ഉൽപ്പന്നങ്ങളുടെ വില ഉയർത്താനുള്ള സംവിധാനമുണ്ടാക്കാൻ സർക്കാരിന് കഴിയുന്നില്ലെങ്കിൽ കൃഷി ഇല്ലാതാകും. യഥാർത്ഥ പരിസ്ഥിതി സംരക്ഷകർ കർഷകരാണ്. നിലം നികത്തുന്നതുകൊണ്ട് നെൽകൃഷി ഇല്ലാതാകുന്നതല്ല, നെൽകൃഷി ഇല്ലാതായതുകൊണ്ട് നിലം നികത്തപ്പെട്ടതാണ്. കാർഷികവൃത്തിയെ വനനിയമം മൂലവും, കപട പരിസ്ഥിതിവാദത്തിന്റെ പേരിലും കൂച്ചുവിലങ്ങിടുമ്പോൾ രാഷ്ട്രത്തിന്റെ അടിത്തറയാണ് തകരുന്നത്.

**കുടിയേറ്റക്കാർ കയ്യേറ്റക്കാരോ**

കപട പരിസ്ഥിതി വാദികളാണ് ഇന്ന് അരങ്ങിൽ വാഴുന്നത്. വികസിത രാജ്യങ്ങൾ നിർമ്മിക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കാൻ വേണ്ടി മലയോര മേഖലയിലെ കർഷകനെ കുടിയിറക്കി കാടിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന വികസിത രാഷ്ട്രങ്ങളുടെ ആഗോള അജണ്ടയാണ് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

മാത്രമല്ല ആരാണ് കർഷകൻ എന്ന് നിർവ്വചിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. കൃഷിഭൂമി സ്വന്തമായുള്ളവൻ ഭൂവുടമയും കൃഷിഭൂമിയിലെ തൊഴിലാളി കർഷകനുമാണെന്ന വികല ചിന്ത കേരളത്തിലെ കാർഷിക നയരൂപീകരണത്തിലെ പിഴവാണ്. വർഷങ്ങൾക്ക് മുൻപ് ബലം പ്രയോഗിച്ച് പിടിച്ചെടുത്ത് രൂപീകരിക്കപ്പെട്ടതാണ് ഭൂവുടമകൾ. എന്നാൽ ആധുനിക ഭൂവുടമകളെ ഇതേ തരത്തിൽ കൊള്ളക്കാരായി കണക്കാക്കുന്ന രാഷ്ട്രീയ ചിന്ത കേരളത്തിൽ നിലനിൽക്കുന്നു.

ദൈവം ഭൂമിയാണ് സൃഷ്ടിച്ചത്. ഭൂമിയെ മനുഷ്യാദ്ധ്വാനം കൊണ്ട് കൃഷിഭൂമിയാക്കി മാറ്റിയത് കർഷകനാണ്. ഈ കർഷകനാണ് ഭൂമിയെ പരിപാലിക്കുന്നത്. ഈ കർഷകനെ വന നിയമത്തിന്റെ പേരിൽ കാട്ടുമൃഗങ്ങളുടെ അക്രമത്തിന് വിധേയരാകാൻ രാഷ്ട്രം അനുവദിക്കരുത്.

കാർഷിക ഉല്പന്നങ്ങളുടെ വിലനയം, കാട്ടുമൃഗങ്ങളുടെ അക്രമത്തിൽ നിന്നുള്ള സംരക്ഷണം മലയോര കർഷകരെ കാട്ടുകള്ളന്മാരായി ചിത്രീകരിക്കുന്നതിനെ പ്രതിരോധിക്കൽ, കാർഷിക വസ്തുക്കളെ മൂല്യവർദ്ധിത വസ്തുക്കളായി പരിണമിപ്പിക്കാനുള്ള സാങ്കേതിക വിദ്യുടെ വ്യാപനം മുതലായ കാര്യങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാർ ആടിയന്തിര നടപടികൾ സ്വീകരിച്ചില്ലെങ്കൽ രാഷ്ട്രത്തിന്റെ കാർഷിക അടിത്തറ തകർന്നുപോകും.

**ദളിത് ന്യൂനപക്ഷാവകാശ നിഷേധം**

ഇന്ത്യയുടെ വളർച്ചയിൽ നിർണ്ണായക സംഭാവന നൽകിയിട്ടുള്ള ദളിതരെയും

www.malankaralibrary.com



ന്യൂനപക്ഷങ്ങളെയും അടിച്ചമർത്തുന്ന ഗ്രൂപ്പുകൾ ഇന്ത്യയിൽ വളർന്നുവരുന്നു. തൊഴിലാളികളാണ് രാഷ്ട്രത്തിന്റെ ശക്തി. വികലമായ തൊഴിൽ നയങ്ങളിലൂടെ തൊഴിലാളി വർഗത്തെയും (സംഘടിതരെയും, അസംഘടിതരെയും) അടിമകളാക്കി മാറ്റുന്ന സർക്കാർ നയങ്ങൾക്കെതിരെ ജാഗരൂകരാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

ഭാരതത്തിന്റെയും കേരളത്തിന്റെയു വിദ്യാഭ്യാസ അടിത്തറ നിർമ്മിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുള്ള ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളോടുള്ള സർക്കാർ നിലപാടുകൾ പുനഃപരിശോധിക്കണം. ഇന്ത്യയെ രക്ഷയിലേക്ക് നയിക്കാൻ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത് വിദ്യാഭ്യാസത്തിനാണ് എന്നാൽ ഇന്ത്യൻ ജനതയ്ക്ക് വിദ്യാഭ്യാസം നൽകുവാൻ പ്രതിജ്ഞാബദ്ധരായ ക്രൈസ്തവ ന്യൂനപക്ഷത്തെയാണ് മതദേശീയവാദികൾ രാജ്യദ്രോഹികളായി കാണുന്നത്.

ജനതയാണ് രാഷ്ട്രം ജനത്തുടെ മൗലീകാവകാശങ്ങളുടെ കാവൽക്കാരനാണ് ഭരണകൂടം. വിരുദ്ധാഭാപ്രായങ്ങളെ ഏകീഭവിച്ചുകൊണ്ടാണ് ശാസ്ത്രവും ജ്ഞാനവും വളരുന്നത് ഇത്തരത്തിൽ വ്യത്യസ്ഥ ജാതികളെയും മതത്തെയും, സംസ്കാരങ്ങളെയും ഏകീഭവിപ്പിക്കുന്നതിന് പകരം വിഭജിച്ച് ശത്രുക്കളാക്കിയാൽ രാഷ്ട്രം തകർന്നുപോകും. വ്യക്തിയുടെ സ്വാതന്ത്ര്യവും സമൂഹത്തിന്റെ ഐക്യവും നിലനിൽക്കുകയും, ഓരോപൗരന്റെയും കഴിവുകൾ പരമാവധി വളർച്ചയെത്തുകയും ചെയ്യുന്ന ഒരു സംവിധാനമായി രാഷ്ട്രത്തെ മാറ്റാൻ പരിശ്രമിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനുള്ള ഒരു സമ്മേളനമായി ഈ പ്രതിനിധി സമ്മേളനം മാറട്ടെയെന്ന് ആശംസിക്കുന്നു.